സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുക

251 [305] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, പി. എം. അബൂബേക്കർ :
,, പി. സീതിഹാജി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

കഴിഞ്ഞ സാമ്പത്തിക വർഷം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടി ?

ഉത്തരം

52,02,18,957.50 രൂപ.

മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും ലഭ്യമാക്കുന്നതിനു നടപടി

252 [306] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

പീരുമേട് നിയോജകമണ്ഡലത്തിലെ താലൂക്ക് കേന്ദ്രത്തിൽ കുറഞ്ഞ വിലയുടെ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

തമിഴ്നാട്ടിൽനിന്നും കേരളത്തിലേക്ക് ചുടുകല്ല് കൊണ്ടു വരുന്നതുകൊണ്ടുള്ള വിഷമതകൾ

253 [307] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളത്തിലെ ചുടുകല്ല് നിർമ്മാണ വ്യവസായികളും തൊഴിലാളികളും തമിഴ്നാട്ടിൽനിന്നും കേരളത്തിലേക്ക് ചുടുകല്ല് കൊണ്ടുവരുന്നതു നിമിത്തം ഉണ്ടാകുന്ന വിഷമതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി എടുത്തു ;

(സി) നടപടി എടുത്തില്ലെങ്കിൽ അടിയന്തിര നടപടി എടുത്ത് തൊഴിൽ സ്തംഭനത്തിന് പരിഹാരം ഉണ്ടാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly